നം.കെഎസ്എ-കെടിഎം.പി.13-994/2017 തീയതി 11.07.2017

# കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.11.16 മുതൽ 31.5.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 22.06.2017ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.6.17 മുതൽ 22.6.17 വരെ |
| ഉദ്യോഗസ്ഥർ | ശ്രീ.സാബു സി.ജോർജ്ജ്, ഓഡിറ്റ് ഓഫീസർ (ഹഗ്രേ)<br>ശ്രീമതി ഇന്ദുലേഖ എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ശ്രീലത ആർ.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ഷീല വി.ആർ., ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഫിലിപ്പോസ് തോമസ് | 01.04.16- 31.3.17 |
| സെക്രട്ടറി | ശ്രീ.രാജു പി.സക്കറിയ | 01.04.16-31.5.16 |
| | ശ്രീ.ജോർജ്ജ് പി.ജെ., അസി.സെക്രട്ടറി<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 1.6.16- 24.12.16 |
| | ശ്രീ.കെ.ബാബുരാജ് | 25.12.16-31.3.17 |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ .ജോർജ്ജ് പി.ജെ, | 1.4.16- 24.12.16 |

| | | |
|---|---|---|
| | ശ്രീ.നോബി എം.ഐസക്ക് | 1.1.17-31.3.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രമോദ് ഗോപൻ | 1.4.16-31.3.17 |
| കൃഷി ഓഫീസർ | മഞ്ജൂഷ എൻ.എസ് | 1.04.16-18.8.16 |
| | ജിജോ ജോസ് | 19.08.16-31.9.16 |
| | വേണഗോപാൽ പി.ആർ | 1.10.2016-5.2.17 |
| | അശ്വിനി എസ്. | 6.2.17-31.3.17 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സ്വപ്നമഞ്ജരി | 1.4.16-31.3.17 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ആശ എസ്. | 1.4.16-9.8.16 |
| | ഡോ.അഞ്ജലി വി. | 10.8.16-31.3.17 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.അന്ന ജോസഫ് | 1.4.16-12.8.16 |
| | ഡോ.ലീലാമ്മ പി.പി. | 13.8.16-31.3.17 |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.എം.ജി. രാജീവ് | 1.4.16-31.3.17 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നിഷ വൽസലൻ | 1.4.16-31.3.17 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മേരി വി.ജോസ് | 1.4.16-31.3.17 |
| വി.ഇ.ഒ | ശ്രീജേഷ് കെ. വിജയൻ | 1.4.16-31.3.17 |
| | ലൈലമോൾ വർഗ്ഗീസ് | 1.4.16-10.8.16 |
| | ഹരികുമാർ കെ. | 11.8.16-8.1.17 |
| | മന്ന മോഹനൻ | 9.1.17-31.3.17 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | ഭാഗം 1 – പൊതു അവലോകനം |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |

| | |
|---|---|
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | വാർഷിക പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു |
| 2-3-1 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല |
| 2-3-2 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത |
| 2-4-1 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4-2 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല |
| 2-5 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-6-1 | വാടക-കരാർ വ്യവസ്ഥ ലംഘിച്ചവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല |
| 2-6-2 | പഞ്ചായത്ത് വക പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ – വാടക വരുമാനം ലഭിക്കുന്നില്ല |
| 2-7 | പരസ്യനികുതി ഈടാക്കുന്നില്ല |
| 2-8 | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളായി വാങ്ങി സൂക്ഷിച്ചിട്ടുള്ള നിരതദ്രവ്യവും ജാമ്യ നിക്ഷേപവും – രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല |
| | ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | വെള്ളക്കരം – അധികം തുക അടവാക്കുന്നത് സംബന്ധിച്ച് |
| 3-2 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല |
| 3-3 | സ്ഥലം വാങ്ങലിനായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ഉറപ്പ് വരുത്തിയിട്ടില്ല |

| | |
|---|---|
| | |
| 3-4 | പാമ്പാടി സർക്കാർ ആശുപത്രിക്ക് വേണ്ടി സ്ഥലം അക്വയർ ചെയ്തത് – എൽ.എ.ആർ. കേസ് പ്രകാരമുള്ള ബാധ്യത തുടരുന്നത് സംബന്ധിച്ച് |
| 3-5 | ആദ്യഗഡു കൈപ്പറ്റിയതിനുശേഷവും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല |
| 3-6 | ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ – വാങ്ങിയ ലാപ്ടോപ്പുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല |
| 3-7 | മൊബൈൽ മാപ്പിംഗ് – തുടർനടപടികൾ സ്വീകരിച്ചിട്ടില്ല |
| 3-8 | ഖരമാലിന്യ നിർമ്മാർജ്ജനം – തുടർനടപടികൾ വിശദമാക്കാത്തത് |
| 3-9 | പി എച്ച് സി പാമ്പാടി/ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ – നിക്ഷേപിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായി ലഭിച്ചില്ല |
| 3-10 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| | ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് -17 തിയതിയിലെ 5/I നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+) / (-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 7442742 | 21246167 | 13803425 | | |
| വരവ് | 150182000 | 72313506 | | 77868494 | |
| ആകെ | 157624742 | 93559673 | | 64065059 | |
| ചെലവ് | 150788000 | 60336136 | | 90451864 | |
| നീക്കിയിരിപ്പ് | 6836742 | 33223537 | 26386795 | | |

മുൻവർഷ വരവ്-ചെലവുകളെ വിലയിരുത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക കൃത്യസമയത്ത് സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് റിപ്പോർട്ടിന് അനുബന്ധമായി ഓഡിറ്റ് സർട്ടിഫിക്കറ്റ് ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21246167 |
| വരവ് | 72313506 |
| ആകെ | 93559673 |
| ചെലവ് | 60336136 |
| നീക്കിയിരിപ്പ് | 33223537 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13611987 | 13611987 | 13335503 | 276484 | 97.97 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3712824 | 3712824 | 3429960 | 282864 | 92.38 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 156879 | 156878 | 100000 | 56879 | 63.74 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12865167 | 12865167 | 8620391 | 4244776 | 67.01 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4017129 | 4017129 | 2264387 | 1752742 | 56.37 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7634793 | 7634793 | 6134793 | 1500000 | 80.35 |
| പെർഫോമൻസ് ഗ്രാന്റ്(സെൻട്രൽ) | 0 | 3412851 | 3412851 | 465886 | 2946965 | 13.65 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 1050697 | 1050697 | 0 | 1050697 | 0 |

## 1-6 2016-17 വാർഷിക പദ്ധതി അവലോകനം

സുലേഖ സോഫ്റ്റ്‌വെയറിലൂടെ ജനറേറ്റ് ചെയ്ത അനുബന്ധം-1-C (ഫണ്ടടിസ്ഥാനത്തിലുള്ള പദ്ധതിച്ചെലവ് കണക്കുകൾ) പ്രകാരം തൻവർഷത്തേയ്ക്ക് ആകെ പദ്ധതി അടങ്കലായി നിശ്ചയിച്ചിരുന്ന 9.62 കോടി രൂപയിൽ 4.08 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രധാന ഫണ്ടിനങ്ങളുടെ വരവ്/വിനിയോഗ വിശദാംശങ്ങൾ ഖണ്ഡിക 1-5-ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക. ആകെ 208 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 124 പ്രോജക്ടുകൾക്ക് വേണ്ടി മാത്രമാണ് തൻവർഷം തുക വിനിയോഗിക്കാൻ സാധിച്ചത്. വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ 70%വും അസി.എഞ്ചിനീയർക്ക് നിർവ്വഹണച്ചുമതല ഉണ്ടായിരുന്ന മരാമത്ത് പ്രവൃത്തികളായിരുന്നു. തുക വകയിരുത്തിയിരുന്ന 50% ത്തോളം പ്രോജക്ടുകളും തൻവർഷം നടപ്പിലാക്കാൻ സാധിച്ചില്ല. തൻവർഷം 124 പ്രോജക്ടുകൾക്ക് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇവയിൽ നിർബന്ധിത വകയിരുത്തൽ പ്രകാരമുള്ള ഫണ്ട് കൈമാറൽ ചെലവുകളും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ എസ് ഇ ബി, വാട്ടർ അതോറിറ്റി മുതലായ ഏജൻസികളിലേയ്ക്ക് തുക നിക്ഷേപിച്ച ഇനത്തിലുള്ള ചെലവുകളും ഉൾപ്പെടുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഇവയുടെ ഭൗതീക ലക്ഷ്യം നാളിതുവരെ കൈവരിച്ചിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പകുതിയോളം പ്രോജക്ടുകൾ മാത്രമെ നിർവ്വഹിച്ചിട്ടുള്ളൂവെന്നതിനാലും നിർവ്വഹിച്ച പല പ്രോജക്ടുകളുടേയും ഭൗതീക നേട്ടം കൈവരിച്ചിട്ടില്ലയെന്നതിനാലും തൻവർഷത്തെ പദ്ധതി നിർവഹണം കാര്യക്ഷമമായിരുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥായിയായ സുസ്ഥിര വികസനം എന്ന ആശയത്തിന് വിരുദ്ധമായ രീതിയിൽ വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ കൂടുതലായി ഏറ്റെടുത്തിട്ടുണ്ട്. (ഭവന പുനരുദ്ധാരണം, മുട്ടക്കോഴി വിതരണം മുതലായവ). ഇത്തരം

പ്രോജക്കുകൾ അനിവാര്യമായ സാഹചര്യങ്ങളിൽ ഏറ്റെടുക്കുന്നതോടൊപ്പം സുസ്ഥിര വികസനം സാധ്യമാക്കുന്ന പ്രോജക്കുകളും ഏറ്റെടുക്കേണ്ടതുണ്ട്.

## 1-7 തനത് വരുമാനം.

2015-16 വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17-സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 75.84% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 6884959 | 13084228 | 6199269 | 90.04 |
| നികുതിയേതര വരവുകൾ | 2694722 | 3768473 | 1073751 | 39.84 |
| മറ്റുവരവുകൾ | 8650 | 7455 | 1195 | -13.81 |
| ആകെ | 9588331 | 16860156 | 7271825 | 75.84 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 137280 | 118 |
| കർഷകതൊഴിലാളി പെൻഷൻ | 2922000 | 280 |
| വിധവാപെൻഷൻ | 10519600 | 861 |
| വാർദ്ധക്യകാലപെൻഷൻ | 19326600 | 1915 |
| വികലാംഗപെൻഷൻ | 2733800 | 280 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4472000 | 40 |
| വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.6.17 തീയതി 03.00 P.M ന് അന്നേ ദിവസം ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിലുണ്ടായിരുന്ന സീനിയർ ക്ലർക്ക് ശ്രീമതി രാഖി ആർ നായരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 36022/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ

സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 16-17 വർഷം വസ്തു നികുതിയിനത്തിൽ 46.9 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

തനതു ഫണ്ട് ചെലവുകൾ

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എങ്കിലും പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/ട്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ നിർവ്വഹിച്ച പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ രജിസ്റ്ററുകൾ എന്നിവ സാമാന്യം തൃപ്തികരമായി സൂക്ഷിച്ചു വരുന്നുണ്ടെങ്കിലും വാങ്ങലുകൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. മാത്രമല്ല പ്രോജക്ട് പൂർത്തീകരണ പത്രവും മോണിട്ടറിങ്ങ് കമ്മറ്റി റിപ്പോർട്ടും അതാത് പ്രോജക്ട് ഫയലുകളിൽ സൂക്ഷിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.5.2017 – 20.5.17 | 1.4.17 – 30.4.17 | നം.3612/17 തീ.20.4.17 (10/16 ലെ റിപ്പോർട്ട് |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2012 | 2005/06-2011-12 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

ഓഡിറ്റിനായി സമർപ്പിച്ച പാമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 2,12,46,167/-രൂപയും തൻവർഷ വരവ് 7,23,13,506/-രൂപയും തൻവർഷത്തെ ചെലവ് 6,03,36,136/-രൂപയും വർഷാവസാന ബാക്കി 3,32,23,537/- രൂപയുമാണ്.(ഇതിൽ 1,69,236/-രൂപ പണമായുള്ള നീക്കിയിരിപ്പും 3,30,54,301/- രൂപ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരുപ്പുമാണ്.) തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള വരുമാനം 11,41,73,582/-രൂപയും തൻവർഷചെലവ് 10,73,19,380/-രൂപയും പ്രവർത്തനമിച്ചം (Surplus) 1,05,75,302/- രൂപയുമാണ്. 31-3-2017 പ്രകാരമുള്ള ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ആസ്തി മൂല്യം 7,32,07,795/- രൂപയും പഞ്ചായത്ത് ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 2,36,24,826/-രൂപയും അന്നേ തീയതി പ്രകാരമുള്ള ജനറൽ ഫണ്ട് പൊസിഷൻ 4,95,82,969/- രൂപയുമാണ്.

മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ റിസൽട്ടുകൾ പ്രതിഫലിപ്പിക്കുന്ന 2016-17 വർഷത്തെ വാർഷിക ധനകാര്യ

പത്രികകൾ ഓഡിറ്റിൽ പരിശോധനാവിധേയമാക്കിയതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1- 16-5-17 ലെ പഞ്ചായത്ത് കമ്മറ്റി 2-ാം നമ്പർ തീരുമാനപ്രകാരം വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും മുൻവർഷ കണക്കുകളുമായി താരതമ്യം ചെയ്യുകയോ ധനകാര്യവിശകലനം നടത്തുകയോ ചെയ്തിട്ടില്ല.

2-വാർഷിക ധനകാര്യപത്രികയിന്മേലുള്ള കുറിപ്പുകളിലൂടെ അക്കൗണ്ടിംഗിന് അടിസ്ഥാനമാക്കിയ അക്കൗണ്ടിംഗ് തത്വങ്ങളും രീതികളും വിശദീകരിക്കുകയോ സ്ഥിരീകരിക്കാത്ത സ്റ്റേറ്റ്മെന്റുകളുടേയും തുകകളുടേയും വിവരം വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3-മുൻവർഷം സ്ഥിരീകരിക്കാത്ത പല തുകകളും തൻവർഷം മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ എന്ന രീതിയിൽ (Prior Period Items) ക്രമീകരിച്ചിട്ടുള്ളതിനാൽ 37,21,100/-രൂപയുടെ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്. ഇതിൽ 36,39,860/-രൂപയും വസ്തുനികുതി ഇനത്തിൽ കൂടുതലായി കണക്കാക്കിയ ഡിമാന്റ് തുകയ്ക്ക് വർഷാരംഭത്തിൽ അക്രൂവൽ എൻട്രി നൽകിയത് മൂലമുള്ള മാറ്റമാണ്. ഇപ്രകാരമുള്ള ക്രമീകരണങ്ങൾ മൂലം തൻവർഷത്തെ വരുമാനമിച്ചം 68,54,202/- രൂപ എന്ന് കണക്കാക്കിയിരുന്നത് 1,05,75,302/- രൂപ ആയി വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങളുടെ നിജസ്ഥിതി ഓഡിറ്റിൽ ബോധ്യമായിട്ടില്ല.

4-ഇ.എഫ്.എം.എസ്, ഡയറക്ട് ബനഫിറ്റ് ട്രാൻസ്ഫർ തുടങ്ങിയ ആധുനീക സംവിധാനങ്ങളിലൂടെ നടക്കുന്ന സാമ്പത്തിക വിനിമയങ്ങൾ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ മാത്രം ഉൾപ്പെടുത്തുകയും റസീറ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതെ വരുകയും ചെയ്യുന്നതിനാൽ പ്രസ്തുത 2 പത്രികകളിൽ അക്രൂവൽ എൻട്രി മൂലം ഉണ്ടാകാവുന്നതിൽ അധികമായ വ്യതിയാനം ഉണ്ടാകുന്നുണ്ട്.(പഞ്ചായത്ത് തലത്തിൽ പരിഹരിക്കാവുന്ന വിഷയമല്ലയെങ്കിലും)

5-വായ്പാധിഷ്ഠിത ഭവനനിർമ്മാണ പദ്ധതിക്കായി ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2 കോടി രൂപ ലോൺ എടുക്കാൻ നിശ്ചയിച്ചിരുന്നതിൽ ആദ്യ ഗഡുവായി 15 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.പ്രസ്തുത തുക ചെലവഴിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്ത, പ്രസിഡന്റിന്റേയും വി.ഇ.ഒ യുടേയും പേരിൽ ആരംഭിച്ചിട്ടുള്ള ജോയിന്റ് അക്കൗണ്ടിൽ കൂടിയാണ് (A/c No.05026120102000l). ആയതിനാൽ ടിയിനത്തിലുള്ള യഥാർത്ഥ പ്രോഗ്രാം ചെലവുകൾ ഷെഡ്യൂൾ I-14(a) യിൽ (Decentralised Plan Programme-Service Sector) എന്നതിൽ നിശ്ചിത ശീർഷകത്തിൽ ഉൾപ്പെട്ട് വരുന്നില്ല. (വരവ് സെക്വേർഡ് ലോൺ ഇനത്തിലും ചെലവ് Pre-paid Expenses എന്ന അക്കൗണ്ട് കോഡിലും മാത്രം കാണിക്കുന്നു ).

6-സുലേഖ സോഫ്റ്റ്വെയറിലൂടെ അപ്‌ലോഡ് ചെയ്ത പദ്ധതി കണക്കുകളിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്. ആയവ വാലിഡേഷനിലൂടെ പരിഹരിക്കാൻ സാധിച്ചിട്ടില്ല.

7- ആസ്തി ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. തൻവർഷത്തെ ആകെ വരുമാനത്തേക്കാൾ കുറവായ തുകയാണ് നാളിതുവരെയുള്ള ആസ്തി മൂല്യമായി ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്നത്. ആസ്തികളുടെ മൂല്യനിർണ്ണയപ്രക്രിയ പൂർത്തിയാവാത്തത് മൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്. ആയതിനാൽ കണക്കാക്കപ്പെട്ട ജനറൽഫണ്ട് പൊസിഷൻ അന്തിമമല്ല.

മേൽ അപാകതകൾക്ക് വിധേയമായി പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2-2 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച താഴെപ്പറയുന്ന തുകകൾ നിലവിലും ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതം ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. ടി ബാലൻസ് തുകകൾ ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | നിലവിലെ ബാലൻസ് | സ്രോതസ്സ്/ലഭിച്ച തുക |
|---|---|---|
| അന്നപൂർണ്ണ ന്യൂട്രീഷൻ പ്രോഗ്രാം | 451998 | സി.ഡി.പി.ഒ<br>451998 |
| സാക്ഷരതാ ഫണ്ട് | 32000 | സാക്ഷരതാ മിഷൻ<br>32000 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 335174 | ശുചിത്വമിഷൻ<br>350568 |
| ആരോഗ്യരക്ഷ | 5260 | ആരോഗ്യവകുപ്പ്<br>5260 |
| ഭാരതി എയർ ടെൽ ഡെപ്പോസിറ്റ് തുക | 750000 | ഭാരതി എയർ ടെൽ<br>750000 |
| ജലസേചന പദ്ധതി (വട്ടക്കുന്ന്, കുമ്പന്താനം,കുന്നേപ്പീടിക) | 195534 | ബ്ലോക്ക് വിഹിതം<br>570000 |

## 2-3-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള മൊബൈൽ ടവറുകൾ 8 എണ്ണം ഉണ്ടെങ്കിലും ഇവയുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് കെട്ടിട നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | ചുമത്തിയ വസ്തു നികുതി (രൂപ) | വസ്തു നികുതി പരിഷ്കരണത്തിന് ശേഷം ഈടാക്കാനുള്ള കുടിശ്ശികയുടെ വിവരം |
|---|---|---|---|---|
| 1 | 12/353 A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, കൊച്ചിൻ | 16748 | 83740 |
| 2 | 5/44 A | ബി.എസ്.എൻ.എൽ., കോട്ടയം | 11340 | 56700 |
| 3 | 5/472 A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 10080 | 50400 |
| 4 | 19/302 A | എം.എസ് വോഡഫോൺ എസ് ആർ സെല്ലുലാർ ലിമിറ്റഡ് | 9923 | 49615 |
| 5 | 16/236 A | ഭാരതി സെല്ലുലർ ലിമിറ്റഡ് | 10395 | 51975 |
| 6 | 5/640 A | ഭാരതി | 11340 | 56700 |

| | | | | |
|---|---|---|---|---|
| 7 | 19/561 A | റിലയൻസ് ടവർ ലിമിറ്റഡ് | 12705 | 51741 |
| 8 | 16/754 A | റിലയൻസ് ടവർ ലിമിറ്റഡ് | 14005 | 70025 |
| | | ആകെ | | 470896 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3-2 വസ്തുനികുതി നികുതി നിർണ്ണയിച്ചതിലെ അപാകത

പഞ്ചായത്തിലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററും വസ്തുനികുതിയുടെ സഞ്ചയ റവന്യൂ മൊഡ്യൂളും ഒത്ത് നോക്കി പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനായി ലൈസൻസ് നേടിയ കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററിലെ നം | മേൽവിലാസം | കെട്ടിട നം. | ഉപയോഗം | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|
| 43 | മുരളീധരൻ നായർ<br>മുരളീ നിവാസ്<br>പൂതക്കുഴി | VII/319 | സ്റ്റേഷനറി | 56 |
| 61 | ജയ്ബി മാത്യൂ ജോൺ<br>ആല്യംമൂട്ടിൽ<br>തോട്ടയ്ക്കാട് | IX/32 | സൂപ്പർ മാർക്കറ്റ് | 52.27 |
| 81 | കെ എൻ പ്രസന്നൻ<br>ഗുരുസ്മാരകം<br>പാമ്പാടി | VI/207 | ആയുർവ്വേദ മരുന്നുകളുടെ വില്പന | 108.4 |
| 85 | കെ.സി ജേക്കബ്ബ്<br>കന്നുകുഴിയിൽ<br>വെള്ളൂർ | XIX/17 | റബ്ബർ വില്പന | 180 |
| V/335, 336 | സജോ.വി.മാത്യൂ<br>ഐക്കരമറ്റത്തിൽ<br>പാമ്പാടി | VI/335,336 | ഗ്ലാസ്സ്, പ്ലൈവുഡ് എന്നിവയുടെ വില്പന | 84 |

മേല്പറഞ്ഞ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയുടെ അടിസ്ഥാന നിരക്കും പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കും വ്യത്യസ്തമാകയാൽ നികുതി നിർണ്ണയത്തിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം വളരെ കൂടുതലാണ്. ഇപ്രകാരം തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് തുക

ഈടാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 2-4-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | പാമ്പാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | സ്ഥാപന തൊഴിൽ നികുതി | 2016-17 I |
| 2 | കോർപ്പറേഷൻ ബാങ്ക്, പാമ്പാടി | സ്ഥാപന തൊഴിൽ നികുതി | 2016-17 I, II |
| 3 | പോപ്പുലർ ഫിനാൻസ് | സ്ഥാപനതൊഴിൽ നികുതി | 2016-17 II |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ്, പാമ്പാടി | സ്ഥാപനതൊഴിൽ നികുതി | 2016-17 II |
| 5 | കല്യാൺ ജ്വവലേഴ്സ് മിനിസ്റ്റോഴ്സ് | സ്ഥാപനതൊഴിൽ നികുതി | 2016-17 I, II |
| 6 | മണപ്പുറം ഫിനാൻസ് | സ്ഥാപന തൊഴിൽ നികുതി | 2016-17 II |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ ടേൺഓവർ മിനിമം നിരക്കിൽ കണക്കാക്കിയാൽപോലും പരമാവധി തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുന്നതാണ്. ആയതിനാൽ ഒരു അർദ്ധവർഷത്തേയക്ക് 1250/-രൂപ നിരക്കിൽ ആകെ 15000/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാണ്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

## 2-4-2 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ചുവടെ കൊടുത്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാത്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇഞ്ചക്കാട്ട് ഹോമിയോ ക്ലിനിക്, വെള്ളൂർ |
| 2 | സഞ്ജീവനി ആയുർവ്വേദ ക്ലിനിക്, വെള്ളൂർ |
| 3 | നിർമ്മാല്യം ആയുർവ്വേദ ക്ലിനിക്,പാമ്പാടി |
| 4 | സ്കാൻറോൺ ഡയഗ്നോസ്റ്റിക്സ്, പാമ്പാടി |

മേല്പറഞ്ഞ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പല സ്ഥാപനങ്ങളും പ്രവർത്തിയ്ക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | ഹോട്ടൽ സമ്മർസാൻഡ് |
| 2 | നിസ്സി ട്രേഡേഴ്സ് |
| 3 | അയ്യപ്പ ഫ്ലവേഴ്സ് |
| 4 | സെലക്ഷൻ ടെക്സ്റ്റൈൽസ് |

ടി വിഷയം ഓഡിറ്റ് സമാപനയോഗത്തിൽ ചർച്ച ചെയ്തതിൽ ഡി & ഒ ട്രേഡ് ലൈസൻസ് സമ്പാദിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനധികൃതമായി ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 2-6-1 വാടക-കരാർ വ്യവസ്ഥ ലംഘിച്ചവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ കുത്തകാവകാശത്തിലൂടെ വാടകയ്ക്ക് എടുത്തിട്ടുള്ള ചില വ്യക്തികൾ തുടർച്ചയായി കുടിശ്ശിക വരുത്തിയിട്ടും കരാർ വ്യവസ്ഥ പ്രകാരമുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മുറി നം. | കുത്തകക്കാരന്റെ പേര് | കുടിശ്ശിക വരുത്തിയ കാലയളവ് | 3/17 വരെയുള്ള ആകെ കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|
| NSC-26 | എൻ.ജെ പ്രസാദ് | 11/15-3/17 | 17668 | (1004*5, 1054*12) |
| NSC-41 | കെ സി വർക്കി കന്നുകുഴിയിൽ | 4/15-3/17 | 11436 | (465*12 488*12) |

| | | | | |
|---|---|---|---|---|
| MSS-2 | പ്രമോദ്കുമാർ | 11/15-3/17 | 7761 | (441*5 463*12) |
| MSS-5 | ബേബി വർഗ്ഗീസ് | 4/14-3/17 | 15888 | (419*12 441*12 464*12) |
| MSS-9 | ജെയ്മോൻ പി ആർ പത്തേപ്പറമ്പിൽ | 16-17 | 1389 | (463*12) |
| MSS-15 | കുരുവിള മാണി | 4/15-3/17 | 10484 | (441*12 463*12) |
| MSS-16 | കുരുവിള മാണി | 4/15-3/17 | 10484 | (441*12 463*12) |
| MSS-18 | ശേഖരൻ,ചുക്കുപറമ്പിൽ | 4/14-3/17 | 15888 | (419*12 441*12 464*12) |

പ്രതിമാസ വാടക ഒടുക്കുന്നതിൽ തുടർച്ചയായി കുടിശ്ശിക വരുത്തിയ മേൽ കുത്തകക്കാർക്ക് പുറമെ കുടിശ്ശികക്കാരായി തുടരുന്ന മറ്റ് കുത്തകക്കാരുമുണ്ട്. ഓഡിറ്റ് തീയതിയിൽ മുൻവർഷത്തേയും തൻവർഷത്തേയും കുടിശ്ശിക ഉൾപ്പടെ 331869/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു.തുടർച്ചയായി കുടിശ്ശിക വരുത്തിയ കുത്തകക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1-വാടക (ലൈസൻസ്) എഗ്രിമെന്റ് പൂർണ്ണമായ വ്യവസ്ഥകൾ ചേർത്ത് നിയമ സാധുത ലഭിക്കുന്ന വിധം സൂക്ഷിക്കേണ്ടതാണ്.

2-കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും കളക്ഷൻ വിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

3- പഞ്ചായത്ത് വക കെട്ടിടത്തിൽ മുൻവർഷങ്ങളിൽ ബാർ ഹോട്ടൽ ആയി പ്രവർത്തിച്ചിരുന്നതും ശ്രീ.ഡോമിനിക് മാത്യു, കുഴിമറ്റത്തിൽ എന്ന വ്യക്തിയുടെ കുത്തകാവകാശത്തിലുള്ളതുമായ വിവിധ മുറികൾക്ക് ഒന്നാകെ വാടക നിശ്ചയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. (പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ ഒട്ടേറെ മുറികൾ ശ്രീ.ഡോമിനിക് മാത്യുവിന്റെ കുത്തകാവകാശത്തിൽ തുടരുന്നു. ടിയാൻ 3/17 മുതലുള്ള പ്രതിമാസ വാടക ഒടുക്കിയിട്ടില്ല)

## 2-6-2 പഞ്ചായത്ത് വക പ്രിയദർശിനി കമ്മ്യൂണിറ്റി ഹാൾ-വാടക വരുമാനം ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനുള്ള കെട്ടിട നിർമ്മാണം നടന്നിരുന്ന സമയത്ത് താൽക്കാലിക ക്രമീകരണം എന്ന രീതിയിൽ ഓഫീസ് പ്രവർത്തിച്ചിരുന്നത് പഞ്ചായത്ത് വക പ്രിയദർശിനി കമ്മ്യൂണിറ്റി ഹാളിൽ ആയിരുന്നു. പുതിയ പഞ്ചായത്ത് കാര്യാലയ കെട്ടിട നിർമ്മാണം പൂർത്തിയായി ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയിട്ട് ഒരു വർഷത്തിലേറെ ആയിട്ടും പഞ്ചായത്ത് വക പ്രിയദർശിനി കമ്മ്യൂണിറ്റി ഹാളിന്റെ അറ്റകുറ്റപ്പണികൾ

പൂർത്തിയാക്കി വാടകയ്ക്ക് നൽകാൻ സാധിച്ചിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 12 ലക്ഷം അടങ്കലിലുള്ള അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി കമ്മ്യൂണിറ്റി ഹാൾ വരുമാന ദായകമായ രീതിയിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധമായ ബൈലാ പുതുക്കി സർക്കാർ അംഗീകാരം തേടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 2-7 പരസ്യനികുതി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതി പിരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനുണ്ട്. ബൈലോ തയ്യാറാക്കി പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209(ഡി)-യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തു പ്രദേശത്ത് വിവിധ സ്ഥാപനങ്ങളുടെ നിരവധി പരസ്യബോർഡുകൾ പ്രദർശിപ്പിച്ചുകാണുന്നുണ്ടെങ്കിലും പരസ്യനികുതിയിനത്തിൽ പഞ്ചായത്തിന് വരവൊന്നും ലഭിക്കുന്നില്ല. 16-8-2016-ലെ പഞ്ചായത്തുകമ്മിറ്റിയിൽ ബൈലോ തയ്യാറാക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നുവെങ്കിലും (തീരുമാനം നം.VIII) നാളിതുവരെ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18-5-2005-ലെ സി(5)-15253/04 നമ്പർ ഉത്തരവുപ്രകാരം പരസ്യനികുതി ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. നിയമത്തിലേയും സർക്കാർ ഉത്തരവിലേയും വ്യവസ്ഥകളുടെയും പഞ്ചായത്തുകമ്മിറ്റിയുടെ 16-8-16-ലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.

## 2-8 സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളായി വാങ്ങി സൂക്ഷിട്ടുള്ള നിരതദ്രവ്യവും ജാമ്യ നിക്ഷേപവും-രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളായി വാങ്ങി സൂക്ഷിട്ടുള്ള നിരതദ്രവ്യവും ജാമ്യ നിക്ഷേപവും സംബന്ധിച്ച രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല. ഇവയ്ക്ക് ക്രമ നമ്പർ നൽകി വർഷം തിരിച്ച് രേഖപ്പെടുത്തലുകൾ നടത്തി അതാത് പ്രവൃത്തികളുടെ പേര്, അടങ്കൽ, എത്ര ശതമാനം തുകയാണ് നിക്ഷേപമായി വാങ്ങിയിട്ടുള്ളതെന്ന വിവരം, നിക്ഷേപം നടത്തിയിട്ടുള്ള സ്ഥാപനത്തിന്റെ പേര്, നിക്ഷപ നമ്പർ/തീയതി, പണയപ്പെടുത്തി ലഭിച്ച തീയതി, ഇ.എം.ഡി നിക്ഷേപം ജാമ്യ നിക്ഷേപമായി പരിവർത്തനം ചെയ്യുന്നതിന്റെ വിവരം, തുടങ്ങിയ പ്രധാന വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല രജിസ്റ്റർ ഓഫ് വാല്യുബൾസിൽ ചേർത്ത് ഗ്രാമ പഞ്ചായത്തിന്റെ ചെസ്റ്റിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ട പ്രസ്തുത രേഖകൾ അസി.എഞ്ചിനീയറുടെ കൈവശം സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു. ഈയിനത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുള്ള 23,99,035/-രൂപ മൂല്യമുള്ള 181 സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഭൗതീക പരിശോധനയ്ക്ക് ഹാജരാക്കി. ഇവയിൽ കാലഹരണപ്പെട്ടതും ദീർഘ നാളായി ക്ലെയിം ചെയ്യാത്തതുമായ നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്റർ നിക്ഷേപം സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി ശരിയായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം - അധികം തുക അടവാക്കുന്നത് സംബന്ധിച്ച്

2016-17 സാമ്പത്തികവർഷം വെള്ളക്കരമിനത്തിൽ ആകെ ചെലവ് 656256/- രൂപയാണ്. 4/16 മുതൽ 125 പൊതുടാപ്പുകൾക്ക് 5250/- രൂപ നിരക്കിൽ ഓരോ മാസവും 54688/- രൂപയാണ് അടവാക്കിയിരുന്നത്. വാട്ടർ അതോറിട്ടിയുമായി നടത്തിയ സംയുക്തപരിശോധനയിൽ 92 ടാപ്പുകൾ മാത്രമാണ് പഞ്ചായത്തുപരിധിയിൽ നിലവിൽ പ്രവർത്തിയ്ക്കുന്നതെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 2016 ഒക്ടോബർ മാസത്തിന് മുമ്പ് തന്നെ ബോധ്യമായ ടി വിവരം പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 17.11.16 ലെ V(8)-ാം നമ്പർ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 92ലും കുറവാണെന്ന നിഗമനത്തിൽ പഞ്ചായത്ത് കമ്മിറ്റി എത്തിയിട്ടുള്ളതായി തീരുമാനം രേഖപ്പെടുത്തിയതിൽ വ്യക്തമാണ്. ഈ സാഹചര്യത്തിൽ കുറഞ്ഞത് 33 ടാപ്പുകളുടെയെങ്കിലും വെള്ളക്കരം ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ രേഖകൾ പ്രകാരം 11/16 ന ശേഷവും ടാപ്പുകൾക്കുള്ള വെള്ളക്കരം അടവാക്കിയതായി കാണുന്നു. അതായത് 12/16, 1/17, 2/17, 3/17 എന്നീ മാസങ്ങളിൽ 33 ടാപ്പുകളുടെ വെള്ളക്കരം 72,188/- രൂപ ((5250/12)x5x33)) അധികമായി അടവാക്കിയിട്ടുണ്ട്. ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി അടവാക്കിയ 72,188/- രൂപ വരും

മാസങ്ങളിലെ വെള്ളക്കരം അടവിൽ ക്രമീകരിയ്ക്കുകയോ വാട്ടർ അതോറിട്ടിയിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി ഈയിനത്തിൽ ഉണ്ടാകുന്ന ആവർത്തിക്കുന്ന പാഴ്ച്ചെലവ് ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

## 3-2 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം എൺപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്ക്കോടതികൾ, ഓംബുഡ്സ്മാൻ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. കൂടാതെ പഞ്ചായത്ത് വാദിയായും പ്രതിയായും നിൽക്കുന്ന കേസുകളുടെയും വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല.

## 3-3 സ്ഥലം വാങ്ങലിനായി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ഉറപ്പ് വരുത്തിയിട്ടില്ല

ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമിട്ട് ആദ്യഘട്ടമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പദ്ധതി ധനസഹായം വിനിയോഗിച്ചോ സ്വന്തം നിലയിലോ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തിയിട്ടില്ല. തൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ s.0058/17 നമ്പർ പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 3 സെന്റ് വീതം സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | സ്ഥലം വിറ്റ വ്യക്തി | തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | അനീഷ് രാജ്, താന്നിപ്പുഴങ്ങയിൽ | പ്രസന്നകുമാരി, താണത്തുകര, അനിതാഭവൻ | 375000 | 10/16-17 |
| 2 | അരുൺ അപ്പുക്കുട്ടൻ, വെട്ടുവേലിൽ വീട് , വട്ടക്കുന്ന് | രാജു കെ.ജി , കണ്ണംകുളത്തുവീട് , പാമ്പാടി പി.ഒ | 375000 | 13/16-17 |
| 3 | രതീഷ് വി.ജി , വെള്ളാപ്പള്ളി, സൗത്ത് പാമ്പാടി | ശ്രീമതി സിനിക്കുട്ടി, എൻ ഗീതാമന്ദിരം വീട് , സൗത്ത് പാമ്പാടി | 375000 | 13/16-17 |
| 4 | സുധീഷ് വി.എസ് , വാറുശ്ശേരിൽ | സന്തോഷ് കുമാർ റ്റി.വി തെക്കേപറമ്പിൽ,വടവാതൂർ പി.ഒ | 375000 | 17/16-17 |
| 5 | പ്രഭ പ്രദീപ് , പുളിക്കൽ , വെള്ളൂർ പി.ഒ | രാമചന്ദ്രൻ റ്റി.ജി , തെക്കേകുളപ്പുരയ്ക്കൽ, വെള്ളൂർ പി.ഒ | | 17/16-17 |

മുൻവർഷങ്ങളിൽ വസ്തു വാങ്ങുന്നതിന് സഹായം ലഭിച്ചവരും മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളും തുടർവർഷങ്ങളിൽ ഭവനനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പ്രോജക്ട് ലക്ഷ്യം

കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 3-4 പാമ്പാടി സർക്കാർ ആശുപത്രിക്ക് വേണ്ടി സ്ഥലം അക്വയർ ചെയ്തത്- എൽ..എ.ആർ കേസ് പ്രകാരമുള്ള ബാധ്യത തുടരുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലോ പൊതു ചുമതലയിലോ ഉൾപ്പെടുന്നതല്ലാതിരുന്നിട്ട് കൂടി പൊതു താൽപര്യം കണക്കിലെടുത്ത് സർക്കാർ ആശുപത്രിക്ക് വേണ്ടി സ്ഥലം ഏറ്റെടുത്ത് നൽകുക എന്ന ചുമതല ഗ്രാമ പഞ്ചായത്ത് നിർവഹിച്ചിട്ടുണ്ട്. 15-12-2003ലെ നോട്ടിഫിക്കേഷൻ പ്രകാരം ഏറ്റെടുത്തതും 31-03-2004 ൽ കൈവശത്തിലെടുത്തതുമായ സ്ഥലത്തിന്റെ അക്വിസിഷനുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമല്ല. ശ്രീമതി മറിയാമ്മ ജേസഫ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 37.2 ആർ സ്ഥലം അക്വയർ ചെയ്ത് സർക്കാരിന് കൈമാറിയിട്ടുണ്ട്.പ്രസ്തുത സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട LAR -266/04 ലെ അവാർഡ് പ്രകാരം സ്ഥലത്തിന്റെ ഉടമകൾക്കുള്ള നഷ്ടപരിഹാര ഇനത്തിലും ആദായ നികുതി ഇനത്തിലുമായി ജില്ലാ കളക്ടർ ചെലവഴിച്ച 736431/-രൂപ (595055+141376)സ്പെഷ്യൽ തഹസീൽദാർ (എൽ.എ), കോട്ടയത്തിന്റെ പേരിലുള്ള ഡെപ്പോസിറ്റ് അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കുന്നതിന് റിക്വിസിഷൻ അതോറിറ്റി എന്ന പേരിൽ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 30-8-16 ലെ 315-ാം ചല്ലാൻ പ്രകാരം തുക ഒടുക്കിയിട്ടുണ്ട്. സ്പെഷ്യൽ തഹസീൽദാരുടെ കത്തിൽ വിധി ഉടമസ്ഥർ അധിക നഷ്ടപരിഹാരത്തിന് വേണ്ടി ഇ.പി ഫയൽ ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് ഇനിയും തുടർ ബാദ്ധ്യത ഉണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്നു. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത ചുമതല പൊതുജന താൽപ്പര്യാർത്ഥം നിർവ്വഹിച്ചുവെന്നതിന്റെ പേരിൽ പഞ്ചായത്തിന് വീണ്ടും ബാദ്ധ്യത ഉണ്ടാകുന്ന സാഹചര്യം ഉചിതമല്ല. ഈ സാഹചര്യത്തിൽ തുടർ ബാദ്ധ്യത ഉണ്ടാകുന്ന പക്ഷം ആയത് ഒഴിവാക്കികിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന വിവരം പരിഹാരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. (സ്ഥലം അക്വിസിഷനുമായി ബന്ധപ്പെട്ട് നാളിതു വരെ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം ക്രോഡീകരിച്ച് ലഭ്യമാക്കേണ്ടതുമാണ്.)

## 3-5 ആദ്യഗഡു കൈപ്പറ്റിയതിനുശേഷവും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രോജക്ടിന്റെ പേര് – ഭവനനിർമ്മാണം (ജനറൽ)

പ്രോജക്ട് നം - 207/16-17

ചെലവ് - 1,60,000

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി മുൻ സാമ്പത്തികവർഷം മുതൽ സ്പിൽ ഓവറായി തുടരുന്ന ഭവനനിർമ്മാണം (ജനറൽ) എന്ന പ്രോജക്ട് പ്രകാരം ശ്രീമതി ശ്യാമള, വെള്ളാപ്പള്ളിൽ, പൂതക്കുഴി, പാമ്പാടി പി.ഒ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 20,000/- രൂപ (ചെക്ക് 25161/23.12.15) ആദ്യഗഡു നൽകിയിരുന്നു. എന്നാൽ ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചതായുള്ള രേഖകൾ ഫയലിൽ ഹാജരാക്കിയിട്ടില്ല. തുക തിരികെ അടവാക്കണമെന്നാവശ്യപ്പെട്ട് 6.03.17-ൽ VEO/PDY/02/16 നം. കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 12% പലിശ സഹിതം ഗുണഭോക്താവിൽ തുക തിരികെ ഈടാക്കി ട്രഷറിയിലേയ്ക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-6 ബിരുദവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - വാങ്ങിയ ലാപ്ടോപ്പുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം - 203/17

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ചെലവഴിച്ച തുക - 294500 (പദ്ധതി വിഹിതം -എസ്.സി.പി)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദവിദ്യാർത്ഥികൾക്ക്

ഓഡിറ്റ് വർഷം 294500/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച് 10 ലാപ്ടോപ്പുകൾ (ACER -core i3 processor) ഓക്സിജൻ ഡിജിറ്റൽ ഷോപ്പ്, നാഗമ്പടം, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു. എന്നാൽ നാളിതുവരെ ലാപ്ടോപ്പുകൾ വിതരണം ചെയ്തതായി കാണുന്നില്ല. 3/2017-ൽ സ്ഥാപനവുമായി ചമച്ച കരാർ പ്രകാരം ലാപ്ടോപ്പുകൾ സപ്ലൈ ചെയ്ത ദിവസം മുതൽ ഒരു വർഷത്തേയ്ക്കായിരുന്നു വാറന്റി. നാളിതുവരെ വിതരണം ചെയ്യാത്തതിനാൽ വാറന്റി കാലയളവ് കുറഞ്ഞുകൊണ്ടിരിയ്ക്കുന്നു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/20.01.14) നൽകിയ മറുപടിയിൽ ലാപ്ടോപ്പുകൾ വിതരണം ചെയ്യാത്തതിന്റെ കാരണമായി ചൂണ്ടിക്കാണിച്ചത് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുണ്ടായ കാലതാമസമാണ്. പ്രസ്തുത വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 294500/- രൂപ (ബിൽ നം -22/16-17 തീ- 29.03.17) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 <u>മൊബൈൽ മാപ്പിംഗ് - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല</u>

കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം വികസിപ്പിച്ച m-Asset എന്ന ആപ്ലിക്കേഷൻ വഴി പഞ്ചായത്തിലെ സ്ഥാവര ആസ്തികളുടെ (Immovable asset) മാപ്പിംഗ് നടത്തുന്നതിനായി ഓഡിറ്റ് വർഷം 9998/- രൂപ ചെലവഴിച്ച് മൊബൈൽ ഫോൺ വാങ്ങിയിട്ടുണ്ട്. (Lenova A3 6030). എന്നാൽ നാളിതുവരെ പ്രസ്തുത ഫോൺ പ്രയോജനപ്പെടുത്തിയതായി വ്യക്തമല്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി മൊബൈൽ ഫോൺ ഹാജരാക്കുകയും സെക്രട്ടറിയാണ് ഫോൺ സൂക്ഷിക്കുന്നതെന്ന് വ്യക്തമാക്കുകയും ചെയ്തു. എന്നാൽ മൊബൈൽ ഫോൺ നിലവിൽ പ്രവർത്തനക്ഷമമല്ല. കേന്ദ്ര പഞ്ചായത്ത് മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സ്ഥാവര ആസ്തികളുടെ മാപ്പിംഗിനായി മൊബൈൽ ഫോൺ പ്രയോജനപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 3-8 <u>ഖരമാലിന്യനിർമ്മാർജ്ജനം - തുടർനടപടികൾ വിശദമാക്കാത്തത്</u>

ഓഡിറ്റ് വർഷം പഞ്ചായത്ത് ബസ്റ്റാന്റ്, മാർക്കറ്റ്, വാർഡുകൾ എന്നിവിടങ്ങളിൽ ഖരമാലിന്യം നീക്കം ചെയ്യുന്നതിന് 2015-16 ലെ നിരക്കായ പ്രതിമാസം 9500 രൂപയ്ക്ക് ശ്രീ. ജോൺ. കെ.ജെ. കുന്നേൽ പൊത്തൻപുരം പി.ഒ എന്നയാളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (29.03.2016 ലെ III-ാം നമ്പർ കമ്മറ്റി തീരുമാനം). ആയതനുസരിച്ച് എല്ലാമാസവും 9500 രൂപ ഖരമാലിന്യനിർമ്മാർജ്ജനത്തിനായി ചെലവുവരുന്നുണ്ട്. പഞ്ചായത്തു പ്രദേശത്തുനിന്നും മാലിന്യം ശേഖരിയ്ക്കുന്നതിന്റെ വിശദാംശങ്ങൾ മാത്രമെ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ . മാലിന്യം നീക്കം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ വ്യക്തിയുമായുള്ള കരാർ പ്രകാരം മാലിന്യനിർമ്മാർജ്ജനം കൂടി ഉൾപ്പെടുത്തിയാണ് തുക നൽകിയിരിയ്ക്കുന്നത്. മാലിന്യം നിർമ്മാർജ്ജനം ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണരീതിയാണ് പിൻതുടരുന്നത് എന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണം നടക്കുന്നില്ലെന്ന് ഓഡിറ്റിൽ നടത്തിയ അന്വേഷണത്തിൽ വ്യക്തമായി. ഇത് സംബന്ധമായ പത്രവാർത്തകളും ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

## 3-9 <u>പി.എച്ച്.സി പാമ്പാടി/ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ- നിക്ഷേപിച്ച തുകയ്ക്കുള്ള മരുന്ന് പൂർണ്ണമായി ലഭിച്ചില്ല</u>

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം (S.0064/17 അടങ്കൽ-431050/-) പി എച്ച് സി ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (ബിൽ നം.8/16-17 തീയതി 16.03.17 തുക 102310/-)ൽ കാരുണ്യ ഫാർമസിയിലേക്ക് 34230 രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 31620/- രൂപയും (ആകെ 65850/- രൂപ) (ബിൽ നം.11/2016-17 തീയതി 29.03.17 തുക 50318/-) ൽ 22000/-രൂപയും മുൻകൂറായി നൽകിയിരുന്നു. എന്നാൽ 11610/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിൽ അധികമായി നിൽക്കുന്ന തുകയായ 76240/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കി വിശദാംശങ്ങൾ ഹാജരാക്കുന്നതു വരെ 76240/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ 2016-17 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്റ്റ് നം.SO 195/17 പ്രകാരം 1,50,000/- രൂപ ഹോം കോ എന്ന സ്ഥാപനത്തിന് 28.02.17-ൽ മുൻകൂറായി നൽകിയിട്ടുണ്ട്. ടി തുകയ്ക്കുള്ള മരുന്നും ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിനു ഹാജരാക്കുന്നതുവരെ 1,50,000/- രൂപ (ബിൽ നം.1/2016-17 തീയതി 28.02.17) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

1) പൊതു വിവരം

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ 2016-17 വർഷത്തെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | ഇല്ല |
|---|---|
| വരവ് (പലിശ ഇനത്തിലുള്ള 1255/- രൂപ ഉൾപ്പെടെ) | 2,04,94,652 |
| ആകെ | 2,04,94,652 |
| ചെലവ് | 2,04,93,776 |
| നീക്കിയിരിപ്പ് | 876 |

തൻവർഷത്തെ ആകെയുള്ള സ്കീം ചെലവ് 1,94,48,507/- രൂപയാണ്. ഇതിൽ 1,35,21,452/- രൂപ വേതനവിതരണത്തിനായും 59,27,055/- രൂപ സാധനങ്ങളുടെ വിലയിനത്തിലും ചെലവഴിച്ചതാണ്. തൻവർഷത്തെ ആകെ ഭരണച്ചെലവ് 10,45,269/- രൂപ ആണ്. ഇത് ആകെ ചെലവിന്റെ 5.1% ആകുന്നു.

തൻവർഷം ആകെ 242 പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 206 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുകയും 112 പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു. തൻവർഷം ആകെ 37956 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ സാധിച്ചത്.

2) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ഭരണച്ചെലവ് ഇനത്തിൽ അനുവദിച്ച മുൻകൂർ - പൂർണ്ണമായി ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല

തൻവർഷം ഇ.എഫ്.എം.എസ്. വഴി 1,94,48,507/- രൂപ ലഭിച്ചു. ഭരണച്ചെലവിനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് 9,51,460/- രൂപ മുൻകൂറായി ലഭിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായി ക്രമീകരിച്ചതിന്റെ വിവരം ലഭ്യമായില്ല. തുക പൂർണ്ണമായി ക്രമീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

3) വനസംരക്ഷണവും മരം വച്ചുപിടിപ്പിക്കലും - തുടർ പരിപാലനം ഇല്ല

തൻവർഷം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വനസംരക്ഷണവും മരംവച്ചുപിടിപ്പിക്കലും നടത്തിയ ഇനത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനം, വേതന വിതരണത്തിനായി ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി നടത്തിയ വാർഡ് | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | വേതന വിതരണത്തിനായി ചെലവഴിച്ച തുക (രൂ) |
|---|---|---|---|
| 1. | 1 | 42 | 10,248 |
| 2. | 3 | 21 | 5,124 |
| 3. | 18 | 63 | 9,450 |
| 4. | 19 | 33 | 8,052 |

| | | | |
|---|---|---|---|
| 5. | 11 | 30 | 7,320 |
| 6. | 14 | 26 | 6,344 |
| 7. | 15 | 32 | 7,808 |
| 8. | 10 | 35 | 8,540 |
| 9. | 12 | 23 | 5,368 |
| 10. | 8 | 26 | 3,770 |
| ആകെ | | | 72,024 |

എന്നാൽ വനവൽക്കരണ പരിപാടി പ്രകാരം വച്ച പിടിപ്പിച്ച വൃക്ഷതൈകളുടെ തുടർ പരിപാലനം ഉറപ്പ് വരുത്താത്തതിനാൽ വേതനം നൽകാൻ കഴിഞ്ഞുവെന്നതിലുപരി ഭൗതിക നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ലയെന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാവുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ | 27.10.14 | 530000 | p.no.150/17 പഞ്ചായത്ത് മിനി സ്റ്റേഡിയം പുനരുദ്ധാരണം | 530000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|---|
| 1 | പി.എച്ച്.സി ഇലക്ട്രിക് കണക്ഷൻ ഡെപ്പോസിറ്റ് | 21400948/28.2.15 | 22050 | 0 | 22050 |
| 2 | സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 21401086/28.03.15 | 21856 | 0 | 21856 |
| 3 | p.no.247/17 പാമ്പാടി ടൗൺ ഇന്റർ ലിങ്കിംഗ് | 21500454/18.03.15 | 1500000 | 1500000 | 0 |
| 4 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് | 21500364/31.08.15 | 204 | 0 | 204 |
| 5 | കാഞ്ഞിരക്കാട്ട് അങ്കണവാടി പുതിയ കണക്ഷൻ | 21500763/21500764/ 16.12.15 | 10000 | 0 | 10000 |
| 6 | വാർഡ് 14 ലെ സേവാഗ്രാം സെന്റർ-പുതിയ കണക്ഷൻ | 21501115/22.03.15 | 2000 | 0 | 2000 |

| | | | | | |
|---|---|---|---|---|---|
| 7 | ഇരുപ്പക്കൽ അങ്കണവാടി പുതിയ കണക്ഷൻ | 21600129/22.05.16 | 200 | 0 | 200 |
| 8 | പേഴമറ്റം അങ്കണവാടി പുതിയ കണക്ഷൻ | 21600674/05.12.16 | 1000 | 0 | 1000 |
| 9 | p.no.247/17-1&8 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 21601108/22.03.17 | 390700 | 0 | 390700 |
| 10 | p.no.248/17- 6,13,14 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 21601106/22.03.17 | 381675 | 0 | 381675 |
| 11 | p.no.249/17 അണ്ണായി ഊരമല റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601107/22.03.17 | 18968 | 18968 | 0 |
| 12 | p.no.252/17-10,11,12വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 21601153/28.03.17 | 365375 | 0 | 365375 |
| 13 | പഞ്ചായത്ത് ഓഫീസ് കുഴൽ കിണർ | 21300716/തീയതി വ്യക്തമല്ല | 31190 | 31190 | 0 |
| 14 | p.no.106/17 വാർഡ് 16 ലെ പേഴമറ്റം (കുന്നേൽപറമ്പ്) കുടിവെള്ള പദ്ധതി | 21601239/തീയതി വ്യക്തമല്ല | 459600 | 0 | 459600 |
| 15 | p.no.107/17 പറക്കാവ് കുടിവെള്ള പദ്ധതി | 21601236/തീയതി വ്യക്തമല്ല | 460000 | 0 | 460000 |
| 16 | p.no.173/17കാഞ്ഞിരക്കാട്ട് അങ്കണവാടി കുഴൽ കിണർ | 21600875&216001002/ തീയതി വ്യക്തമല്ല | 150000 | 0 | 150000 |
| 17 | p.no.174/17താന്നിമറ്റം മിനി കുടിവെള്ളപദ്ധതി | 21601038/തീയതി വ്യക്തമല്ല | 498000 | 0 | 498000 |
| 18 | p.no.186/17ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ | 21601003/തീയതി വ്യക്തമല്ല | 95790 | 0 | 95790 |
| 19 | p.no.250/17 വാർഡ് 13 ലെ കുടിവെള്ള പദ്ധതി | 21601154/തീയതി വ്യക്തമല്ല | 150000 | 0 | 150000 |
| 20 | p.no.253/17 കാഞ്ഞിരക്കാട് അങ്കണവാടി മിനി കുടിവെള്ള പദ്ധതി | 21601158/തീയതി വ്യക്തമല്ല | 250000 | 0 | 250000 |
| 21 | p.no.254/17 വാർഡ് 12 ലെ കൊല്ലംപറമ്പിൽ ഭാഗത്ത് കുഴൽകിണർ | 21601159/തീയതി വ്യക്തമല്ല | 90000 | 0 | 90000 |
| 22 | p.no.255/17 കാട്ടാംകുന്ന്-മാലംപൊതി ഭാഗത്ത് കുഴൽകിണർ | 21601156/തീയതി വ്യക്തമല്ല | 40250 | 0 | 40250 |
| 23 | p.no.256/17 പാറാംമറ്റം ഭാഗത്ത് കുഴൽകിണർ പ്ലാറ്റ്ഫോം നിർമ്മാണം | 21601157/തീയതി വ്യക്തമല്ല | 38880 | 0 | 38880 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ ചെലവില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1500000/- രൂപ വരവുണ്ട്.

| വായ്പയുടെ പേര്-ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭവന നിർമ്മാണം (ജനറൽ) | 359/17 | 1500000 | - | _ | 1500000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2906354 |
| തൻവർഷം നിക്ഷേപിച്ച തുക | 275944 |
| ആകെ | 3182298 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3182298 |

നിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് | 1559767 |
| വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് | 1622531 |
| ആകെ | 3182298 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2011-12 | 2-6 | കെഎസ്ഇബി – നിക്ഷേപ പ്രവൃത്തി – 5,65,742/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2009-10 | 3-2 | 2011-12 | 2-6 | കേരള വാട്ടർ അതോറിറ്റി – 3,79,000/- രൂപ | " |

| | | | | | |
|---|---|---|---|---|---|
| 1999-02 ജനകീയാസൂത്രണ പദ്ധതി | ഖണ്ഡിക 10 | 2003-04 | ഖണ്ഡിക 35-3 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ തുക ദുർവിനിയോഗം ചെയ്തു (25,000/- രൂപ) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72313506 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60336136 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 592928 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം - ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 72188 | ശ്രീ.കെ.ബാബുരാജ്, സെക്രട്ടറി |
| 3-6 | 294500 | ശ്രീ.നോബി എം.ഐസക്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 76240 | ഡോ.സ്വപ്നമഞ്ജരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പാമ്പാടി |
| 3-9 | 150000 | ഡോ.ലീലാമ്മ പി.പി., മെഡിക്കൽ ഓഫീസർ, ഹോമിയോ, പാമ്പാടി |
| ആകെ | 592928 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1993-94 | എൽ.എഫ്.കെ.പി.4-388/00 /3.8.2000 | -- | |
| 1995-96 | എൽ.എഫ്.കെ.പി.4/178/08 /5.12.08 | -- | |
| 1998-99 (DCB) | എൽ.എഫ്.കെ.പി.4–175/08 /5.12.08 | -- | |
| 1998-99 | എൽ.എഫ്.കെ.(ചെലവ്)പി.12/552(2)/(അദാ)/14/28.11.14 | -- | |
| 1999-2000, 2000-01, 01-02 PLAN | എൽ.എഫ്.കെ.പി.6/164/03 /07.08.08 | -- | |
| 2001-02 | എൽ.എഫ്.കെ.പി.12/552/(1)അദാ/28.11.14 | 1 | |
| 2002-03 | എൽ.എഫ്.കെ.പി.6-182/06/28.04.07/30.05.07 | -- | |
| 2003-04 | എൽ.എഫ്.കെ.പി.4/862/06/19.09.09/9.11.09 | -- | |
| 2004-05 | എൽ.എഫ്.കെ.പി.4–78/08 /11.12.08 | -- | |
| 2005-06 | എൽ.എഫ്.കെ.പി.4-1085/08/24.12.09/27.3.10 | -- | |
| 2006-07 | എൽ.എഫ്.കെ.പി.4-442/10 /10.11.10/ 11.4.11 | -- | |
| 2007-08 | എൽ.എഫ്.കെ.പി.12- 353/12/11.5.12 | -- | |
| 2008-09 | എൽ.എഫ്.കെ.പി.12- 381/12/15.5.12 | -- | |
| 2009-10 | എൽ.എഫ്.കെ.പി.12- 1362/11/7.1.13 | 17 | |
| 2010-11 | എൽ.എഫ്.കെ.പി.12-803/12/8.2.13 | 20 | |
| 2011-12 | എൽ.എഫ്.കെ.പി.12-1826/13/5.2.14 | 23 | |
| 2012-13 | എൽ.എഫ്.കെ.പി.12/22/15/6.10.15/13.11.15 | 14 | |
| 2013-14,14-15 | എൽ.എഫ്.കെ.പി.12/300/16/31.3.16/11.4.16 | 35 | |
| 2015-16 | കെ.എസ്എ.കെടിഎം.പി12/1930/16/19.12.16 | 40 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.13-994/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോട്ടയം, പിൻ 686002

doktm.ksad@kerala.gov.in

ഫോൺ : 04812564886

തീയതി 11.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ലും മറ്റ് ഖണ്ഡികകളിലും വിവരിക്കുന്ന അപാകതകൾ ഒഴികെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം